മിസ്റ്റർ കെ. എം. ഇബ്രാഹിം: ഈ വൃക്ഷനികുതി ഗവമ്മെണ്ടിലേക്കു കിട്ടുന്നതൊ ഷാപ്പിലേക്കു കിട്ടുന്നതൊ?

മിസ്റ്റർ സി. ജെ. മാത്യു: വൃക്ഷനികുതിയെപ്പറ്റിയല്ല ചോദ്യം.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ചോദ്യം (ബി) പ്രസ്തുത ഷാപ്പുകളിലേക്കു വൃക്ഷനികുതിവകയായി ആദ്യത്തെ അർദ്ധവർഷത്തിൽ ആകെ എത്ര ഉറപ്പിക കിട്ടിയിട്ടുണ്ടു്? ഞാൻ ചോദിക്കുന്നതു് ഈ വൃക്ഷനികുതി കിട്ടുന്നതു് ഗവമ്മെണ്ടിനുള്ളതൊ ഷാപ്പിനുള്ളതൊ എന്നാണു്.

മിസ്റ്റർ സി. ജെ. മാത്യു: ഗവമ്മെണ്ടിനുള്ളതാണു്.

EXCISE SUB-INSPECTORS—APPOINTMENT OF

138. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) മിസ്റ്റർ പറമ്പി ലോനപ്പൻ എക്സൈസ്സു് കമ്മീഷണരായി നിയമിതനായതു് എന്നാണു്;

(ബി) അദ്ദേഹം കമ്മീഷണരായതിനുശേഷം ഡിപ്പാർട്ടുമെണ്ടിൽനിന്നു എത്ര പേരെ സബ്ബു്ഇൻസ്പെക്ടർമാരായി പ്രമോട്ടു ചെയ്തിട്ടുണ്ടു്;

(സി) അവർ ആരെല്ലാമാണെന്നും ഏതേതു സമുദായത്തിൽ പെട്ടവരാണെന്നും ഓരോരുത്തരുടേയും പരീക്ഷായോഗ്യതകൾ എന്തെല്ലാമെന്നും ഓരോരുത്തരുടേയും ആകെ സർവ്വീസ്സു് എത്ര കൊല്ലം വീതമാണെന്നും പറയാമോ;

(ഡി) സബ്ബു്ഇൻസ്പെക്ടർമാരായി പ്രമോട്ടു ചെയ്യപ്പെട്ട ഈ ആഫീസർമാരേക്കാൾ കൂടുതൽ സർവ്വീസുള്ളവരും ഇവരെപ്പോലെയൊ കൂടുതലൊ പരീക്ഷായോഗ്യതയുള്ളവരും ഇപ്പോൾ സർവ്വീസിലുള്ളവരിൽ ആരെങ്കിലുമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവർ ആരൊക്കെയാണെന്നും, ഏതേതു് സമുദായത്തിൽ പെട്ടവരാണെന്നും അവർ ഓരോരുത്തരുടേയും ആകെ സർവ്വീസ്, പരീക്ഷായോഗ്യത ഇവകൾ എന്തെല്ലാമാണെന്നും പറയാമോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ൨൦—൪—൧൯൪൨-ൽ.

(ബി) ആകെ ഒമ്പതു പേരെ.

(സി) അനുബന്ധം നോക്കുക. *(Appendix I)*

(ഡി) ഉണ്ടു്.

(ഇ) അനുബന്ധം നോക്കുക. *(Appendix II)*

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സർ, ഈ അനുബന്ധം രണ്ടാമത്തേതിൽ.....

മിസ്റ്റർ സി. ജെ. മാത്യു: അതിൽ ഒരു തെറ്റു് വന്നിട്ടുണ്ടു്. 'വാവണ്ണി' എന്നല്ല 'രാവുണ്ണി' എന്നാണു് പേരു്.

PALMYRA TREES—TAPPING OF

139. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) എക്സൈസ് വടക്കെ സർക്കിളിൽപെട്ട ചിറ്റൂർ നെന്മാറ ഈ റെയിഞ്ചുകളിൽ മുദ്രവെയ്ക്കാത്ത പനകൾ പുളിങ്കള്ളാവശ്യത്തിലേക്കു ഷാപ്പുലേലക്കാർ ചെത്തിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ മേല്പറഞ്ഞ ഓരോ റെയിഞ്ചിൽ എത്ര പനകൾ വീതം ഇങ്ങിനെ ചെത്തിവരുന്നുണ്ടു്;

(സി) തലപ്പിള്ളി താലൂക്കിലും ഇതുപോലെ മുദ്രവെയ്ക്കാത്ത പനകളും തെങ്ങുകളും ചെത്തിച്ചുവരുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോ റെയിഞ്ചിൽ എത്ര പനയും തെങ്ങും വീതമുണ്ടു്;

(ഇ) ഇങ്ങിനെ ചെത്തിച്ചുവരുന്നതു് വടക്കെ സർക്കിൾ ഇൻസ്പെക്ടരുടെ അറിവോടുകൂടിയാണോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[Please see answer to question No. 138(c)]

	പേർ	ജാതി	പരീക്ഷാ യോഗ്യത	സർവ്വീസ് കൊല്ലം	മാസം	ദിവസം
ക.	എ. പരമേശ്വരമേനോൻ	നായർ	S.S.L.C.	ൻ	ക ഠ	ഫ ഭ
ഫ.	കെ. സി. വാര്യർ	ക്രിസ്ത്യൻ	ടി	ഫ ഠ	ക ക	ഫ വ
ന.	എം. ബാലകൃഷ്ണമേനോൻ	നായർ	ടി	ൻ	ൻ	ഫ
ര.	ജോൺ പി. ഡാനിയൽ	ക്രിസ്ത്യൻ	Intermediate	ൻ	ഠ	ക ര
ള.	കെ. ആർ. ഫ്രാൻസിസ്	ടി	S.S.L.C.	വ	ള	ക ഠ
റ.	എൻ. വെങ്കിടേശ്വരകമ്മത്തു്	ഗൌഡസരസ്വത ബ്രാഹ്മണൻ	B.A.	വ	ഠ	ഫ വ
ഴ.	പി. യു. പൌലോസ്	ക്രിസ്ത്യൻ	S.S.L.C.	വ	ഠ	ക ന
വ.	സി. കൃഷ്ണൻ	ഈഴവൻ	ടി	ഴ	ക ക	ക ഫ
ൻ.	കെ. ഐ. കണ്ണൻ	ടി	ടി	ൻ	ഴ	ക ഠ

APPENDIX II

[Please see answer to question No. 138(e)]

ക.	സി. എൻ. വാര്യർ	കമ്മാളൻ	S.S.L.C.	വ	ര	ക വ
ഫ.	ജി. ഹരിപ്രസാദ്	മറാട്ട ബ്രാഹ്മണൻ	B.A.	വ	ഠ	ഫ ഴ

APPENDIX III

(Please see Answer to Question No. 143)

Chelakkara Rice Mill.—Chelakkara, Pulacode, Thonurkara, Kurumala, Panjarappilli, Kondazhi, Vennur, Elanad, Vadakathara, Chelakode, Venganellur, Killimangalam, Panjal, Palayannur, Varavoor, Mullurkara, Velur, Thayyur, Thiruvilwamala, Eyyal, Arthat, Attoor, Nedumpura, Cheruthuruthi.

Pazhayannur Rice Mill.—Palayannur, Vadakkethara, Elanad, Kondazhi, Chelakode, Vennur, Thiruvilwamala, Vadakkancheri, Cheruthuruthi, Attoor, Nedumpura.

Iyyukutti's Rice Mill.—Porkulam, Kattakampal, Palanji, Kottapuram, Anjur, Kunnamkulam, Eranellore.

Holy Family Rice Mill.—Vadakkethara, Palayannur, Kondazhi, Elanad, Thiruvilwamala, Urakam, Parakad, Trikkur, Nemmanikkara, Kallur, Parappukkara, Varamdarappilli.

Irinjalakkuda Mills.—Kodasseri, Mattathevi, Padinjare Chalakkudi, Karlom, Irinjalakkuda, Vellangallur, Thirumukulam, Pariyaram, Kattur, Elanjipra, Manavilasseri, Poomangalam, Edathirinji, Alur, Pullur.

LIBRARY ARCHIVES Kerala Legislative Assembly